ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ടായി.

(സി) *പ്രതികൾ*

1. ഒ.എം.എ. ജബ്ബാർ,	2. അബ്ദുൾ ജബ്ബാർ
3. ഇല്യാസ്	4. ഫിറോസ്
5. അബ്ദുൾ റസാക്ക്	6. ഹർഷദലി
7. അബ്ദുൾ ലത്തീഫ്	8. അബ്ദുൾ ഗഫൂർ
9. മുനീർ	10. അമീർ
11. അബ്ദുൾനാസ്സർ	12. പായത്തൊടി ഫിറോസ്
13. ബഷീർ	14. ചേലങ്ങാടൻ ഫിറോസ്
15. ഷഹീദ്	16. ജാഫർ
17. അബൂബേക്കർ സിദ്ദിക്ക്	18. സനൂപ്
19. മുഹമ്മദലി	20. സുബൈർ
21. മുജീബ് റഹ്മാൻ	22. മച്ചിങ്ങൽ ഫിറോസ്
23. ഇക്ബാൽ	24. സക്കീർ
25. ഷരീഫ്	26. ഫൈസൽ
27. അഷ്റഫ്	28. നൗഫൽ
29. ജെഷീസ്	30. അഷിനോഷ് (സിത്തു)
31. നടുവത്ത്ഫൈസൽ	32. അസ്കർ
33. സിറാജ്	

21 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 12 പ്രതികളെ അറസ്റ്റ് ചെയ്യുവാനുണ്ട്.

(ഡി) കേസുകൾ ചാർജ്ജ് ചെയ്തിട്ടില്ല. രാസപരിശോധനാ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് കുറ്റപത്രം സമർപ്പിക്കുന്നതാണ്.

66 (84) അക്രമത്തെക്കുറിച്ചുള്ള മുന്നറിയിപ്പ്

ശ്രീ.ഇ.എം.അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ജൂലൈ 13-ന് തലസ്ഥാനത്ത് അക്രമം നടന്നേക്കാനിടയുണ്ടെന്ന് കേന്ദ്ര ഇന്റലിജൻസ് മുന്നറിയിപ്പ് നൽകിയിരുന്നുവോ;

(ബി) എങ്കിൽ ഈ മുന്നറിയിപ്പനുസരിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് പറയുമോ;

(സി) പ്രസ്തുത ദിവസം കിഴക്കേകോട്ട മുതൽ വി.ജെ.റ്റി. ഹാൾ വരെ യൂണിഫോമിലുള്ള എത്ര പോലീസുകാരും പോലീസ് ഓഫീസർമാരും ഡ്യൂട്ടിയിലുണ്ടായിരുന്നു; അന്ന് യൂണിഫോം അണിയാത്ത എത്ര മഫ്റ്റി പോലീസുകാരേയും പോലീസ് ഓഫീസർമാരേയും ഇവിടെ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിരുന്നു;

(ഡി) ഇവരാരെങ്കിലും അന്ന് നടന്ന അക്രമപ്രവർത്തനങ്ങൾ കണ്ടുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ അക്രമം തടയുന്നതിന് അവർ എന്ത് നടപടിയെടുത്തു;

(എഫ്) ഒരു നടപടിയും എടുക്കാത്ത പക്ഷം അതിനുള്ള കാരണം എന്ത്?

ഉത്തരം

(എ) ഇല്ല.

(ബി) 'എ' പിരിവിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) പ്രസ്തുത ദിവസം കിഴക്കേകോട്ട മുതൽ വി.ജെ.റ്റി.ഹാൾ വരെ യൂണിഫോമിൽ തിരുവനന്തപുരം റെയ്ഞ്ച് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ എന്നിവരടക്കം 394 പോലീസ് ഉദ്യോഗസ്ഥരും ഇതിനു പുറമേ 10 ഫ്ളൈയിംഗ് സ്കാഡുകളും ഓരോ സെക്ഷൻ എ.ആർ. പോലീസുകാർ വീതമുള്ള 6 സ്ട്രൈക്കറുകളും ഡ്യൂട്ടിക്കായി നിയോഗിക്കപ്പെട്ടിരുന്നു. തിരുവനന്തപുരം സിറ്റി സ്പെഷ്യൽ ബ്രാഞ്ചിൽ നിന്ന് മഫ്റ്റിയിൽ മൂന്നു പോലീസ് ഉദ്യോഗസ്ഥരേയും ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിരുന്നു.

(ഡി) കണ്ടിരുന്നു.

(ഇ) അക്രമ പ്രവൃത്തിയിൽ ഏർപ്പെടാൻ തുടങ്ങിയപ്പോൾ തന്നെ ഉടൻ പിരിഞ്ഞുപോകണം എന്ന് നിരവധി തവണ മുന്നറിയിപ്പ് നൽകിയിട്ടും അക്രമികൾ പോലീസിനു നേരെയും മറ്റും കല്ലുകൾ, ആസിഡു ബൾബുകൾ എന്നിവ വലിച്ചെറിഞ്ഞും ദണ്ഡുകൾ കൊണ്ട് അടിച്ചും കൂടുതൽ സമരോൽസുകരായി തീർന്നപ്പോൾ സെക്രട്ടേറിയറ്റിന് മുമ്പിൽ ടിയർ ഗ്യാസ് ഉപയോഗിച്ച് ഇവരെ പിരിച്ച് വിട്ടിട്ടുള്ളതാണ്.

(എഫ്) ഉത്തരം 'ഇ' യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

67 (85) 2000 ജൂലൈ 13-ന് തിരുവനന്തപുരം നഗരത്തിൽ നടന്ന അക്രമപ്രവർത്തനങ്ങൾ

ശ്രീ.ബി.വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ജൂലൈ 13-ന് തിരുവനന്തപുരം നഗരത്തിൽ നടന്ന അക്രമപ്രവർത്തനങ്ങൾ എന്തെങ്കിലും വിധത്തിലുള്ള ഗൂഢാലോചനയുടെ ഫലമായുണ്ടായതാണോ;

(ബി) ഈ ഗൂഢാലോചനയിലെ പങ്കാളികൾ ആരെല്ലാമായിരുന്നു;

(സി) എവിടെ വച്ചാണ് ഗൂഢാലോചന നടന്നത്;

(ഡി) ഗൂഢാലോചനക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഇ) ഒരു നടപടിയും എടുക്കാത്തപക്ഷം അതിനുള്ള കാരണമെന്ത്?

LIBRARY ARCHIVES Kerala Legislative Assembly